# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2312** **01/04/2013 ൽ മറുപടിക്ക്**

## കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഫാർമസിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) & (സി) | അവശ്യമരുന്നുകൾ വിലകുറച്ച് പൊതു ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ജില്ലയിലെ കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഫാർമസികളിൽ നിന്നും ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പടെയുള്ള എല്ലാ മരുന്നുകളും പൊതുവിപണിയേക്കാൾ 93% വരെ വിലക്കുറവിൽ എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കുന്നതാണ്.<br><br>സ്ഥിരമായി മരുന്നു വാങ്ങുന്നവർക്കായി കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്, കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ് എന്നീ രണ്ടു പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഫാർമസിയിൽ 2012 നവംബർ 1 മുതൽ ഏർപ്പെടുത്തി വിജയകരമായതിനാൽ ഉടൻ തന്നെ മറ്റു കാരുണ്യ ഫാർമസിയിലേക്കും വ്യാപിപ്പിക്കുന്നതാണ്.<br><br>**<u>കാരുണ്യ ഫാമിലി മെഡിസിൻ കാർഡ്</u>**<br><br>അംഗങ്ങൾക്ക് സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ (ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന മരുന്നുകൾ ഉൾപ്പെടെ) പ്രത്യേകം പായ്ക്കറ്റ് ചെയ്ത് കൊറിയർ വഴി വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. പ്രസ്തുത കാർഡ് ലഭ്യമാക്കുവാനായി 2500 രൂപ ആദ്യം നിക്ഷേപിക്കേണ്ടതാണ്. കൊറിയർ ചാർജ്ജും |
| (സി) | എന്തൊക്കെ സൗകര്യങ്ങളാണ് ഫാർമസിയിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | അയയ്ക്കുന്ന മരുന്നുകളുടെ വിലയും പ്രസ്തുത തുകയിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും. 2 ശതമാനം അധിക കിഴിവ് (1% ക്യാഷ് ഡിസ്കൗണ്ടും 1% ബോണസ് പോയിന്റും) ഇപ്രകാരം വാങ്ങുന്ന മരുന്നുകൾക്ക് ലഭിക്കുന്നതാണ്.<br><br>**കാരുണ്യ ലോയൽറ്റി ഡിസ്കൗണ്ട് കാർഡ്**<br><br>അംഗങ്ങൾക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി 2 ശതമാനം അധികി കിഴിവിൽ (1% ക്യാഷ് ഡിസ് കൗണ്ടും<br>1% ബോണസ് പോയിന്റും) മരുന്നുകൾ കൗണ്ടറിലെത്തി വാങ്ങാവുന്നതാണ്. പ്രസ്തുത കാർഡ് ലഭിക്കുന്നതിനായി 50 രൂപ നൽകേണ്ടതാണ്. 5000 രൂപയ്ക്ക് കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങുന്നവർക്ക് സൗജന്യമായി പ്രസ്തുത കാർഡ് നൽകുന്നതാണ്.<br><br>ഈ രണ്ടു കാർഡുകളിലെയും ബോണസ് പോയിന്റ് 250 ആകുമ്പോൾ അടുത്ത ബില്ലിൽ 200 രൂപ കുറവ് ചെയ്യുന്നതായിരിക്കും. |
| (ഡി) | എവിടെയെല്ലാമാണ് ഇവ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) | തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം ജില്ലയിലെ കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആണ് ഇപ്പോൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ നിലമ്പൂർ, പാറശ്ശാല എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ അംഗീകാരമുള്ള ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | ഫാർമസിയുടെ പ്രവർത്തനം സംസ്ഥാനം മുഴുവനും വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (ഇ) | എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട ഏതാനും സർക്കാർ ആശുപത്രികളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ